LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ

382 (1072) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയവും, അന്തർദ്ദേശീയവുമായ പുതിയ ടൂറിസം വിപണികൾ കണ്ടെത്തി ടൂറിസം സാധ്യതകൾ പരമാവധി ഉപയോഗിക്കുന്നതിന് സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം പ്രൊമോഷൻ ബോർഡ് രൂപീകരിക്കുമെന്ന് 2012-13 - ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക നീക്കിവച്ചിരുന്നുവെന്നും എത്ര തുക സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച തുക എത്രയാണെന്നും അതിൽ ചെലവഴിക്കപ്പെട്ടത് എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി&സി) പ്രസ്തുത പദ്ധതിക്കായി തുകയൊന്നും നീക്കിവച്ചിട്ടില്ല.

ചെറുതുരുത്തി വിനോദസഞ്ചാര പദ്ധതി

383 (1073) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തി വിനോദസഞ്ചാര പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്;